"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്കിൽപ്പെട്ട പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II ആയ ശ്രീ. അമിത്. ജെ. പ്രകാശ് -ന് ഹ്രസ്വചിത്രത്തിന്റെ തിരക്കഥാരചനയിൽ ഏർപ്പെട്ടുവാനും അഭിനയിക്കുവാനുമുള്ള സോപാധിക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.978/2026/LSGD തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:-

1. ശ്രീ.അമിത്. ജെ.പ്രകാശ് സമർപ്പിച്ച 03/02/2025-ലെ അപേക്ഷ.

2. തസ്വഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29/03/2026 ലെ LSGD/PD/11165/2025-DEC3 നമ്പർ കത്ത്

**ഉത്തരവ്**

ഹ്രസ്വചിത്രത്തിന്റെ തിരക്കഥാരചനയിൽ ഏർപ്പെട്ടുവാനും അഭിനയിക്കുവാനുമുള്ള അനുമതി നൽകുന്നതിനായി എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്കിൽപ്പെട്ട പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ആയ ശ്രീ. അമിത്. ജെ. പ്രകാശ് പരമാർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്കിൽപ്പെട്ട പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ആയ ശ്രീ.അമിത്. ജെ. പ്രകാശ് ഹ്രസ്വചിത്രത്തിന്റെ തിരക്കഥാരചനയിൽ ഏർപ്പെട്ടുവാനും അഭിനയിക്കുവാനും യാതൊരു വിധത്തിലുള്ള പ്രതിഫലം പറ്റുകയില്ലെന്നും, ടി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ഒരിക്കലും ബാധിക്കുകയില്ലായെന്നുമുള്ള കർശന ഉപാധികളോട്ടു കൂടി വകുപ്പധ്യക്ഷന്റെ അനുമതിയോടെ വല്ലപ്പോഴും ഷോർട്ട് ഫിലിം മേഖലയിൽ തിരക്കഥാരചനയിൽ ഏർപ്പെട്ടുവാനും അഭിനയിക്കുവാനും സോപാധിക അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം .

2) ശ്രീ. അമിത്. ജെ. പ്രകാശ്, എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II,കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്,എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

4) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 11-05-2026 11:25:54

സെക്ഷൻ ഓഫീസർ